PROCEEDINGS
of
THE TRAVANCORE REPRESENTATIVE BODY

(OFFICIAL REPORT.)

FOURTH
THIRD MEETING.

VOL. I—NO. 10

Saturday the 31st July 1948/16th Karkatakam 1123.

The Representative Body met in the Legislative Chamber, Trivandrum, at 2 P. M. on Saturday the 31st July 1948/16th Karkatakam 1123, with the President (Hon'ble Mr. A. J. John) in the Chair.

MR. PRESIDENT : സ്റ്റാൻറിംഗ് കമ്മറ്റി തയാറാക്കിയ ബഡ്ജറ്റ് ഈ സഭയുടെ ചർച്ചയ്ക്കു വിഷയീഭവിക്കുക എന്നുള്ളതാണ് ഇന്നത്തെ അജൻറായിലെ പ്രധാനവിഷയം. ആ ബഡ്ജറ്റ് മി. അബ്ദുള്ള ഈ സഭ മുൻപാകെ ഹാജരാക്കുന്നതായിരിക്കും.

MR. T. A. ABDULLA (*Ambalapuzha I—Muslim Reserved*): ഈ സഭയുടെ അംഗീകാരത്തിനായിട്ട് ഫസ്റ്റ് കർക്കടകമാസത്തെയും, ഫസ്റ്റ്-ലെ തുടർന്നുള്ള ആഗസ്റ്റുമാസത്തേക്കുമുള്ള പ്രതിനിധിസഭയുടെ ബഡ്ജറ്റ് * സമർപ്പിച്ചുകൊള്ളുന്നു. പ്രതിനിധിസഭാചട്ടങ്ങളനുസരിച്ചു ഫൈനാൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചും സ്റ്റാൻറിംഗ് കമ്മറ്റി ചർച്ചചെയ്തു പാസ്സാക്കിയുമാണ് ഈ ബഡ്ജറ്റ് ഈ സഭ മുൻപാകെ അവതരിപ്പിക്കുന്നത്. ഈ ബഡ്ജറ്റ് ഔപചാരികമായി ഇവിടെ അവതരിപ്പിക്കുന്നതിൽകവിഞ്ഞു കൂടുതലായ വിശദീകരണങ്ങളൊന്നുംതന്നെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിൻറെ പകർപ്പു ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും കൈവശമുണ്ട്. അതുകൊണ്ട് അങ്ങു് അയിറ്റമുള്ളവർക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. അതിൽ ബി. സി. എന്നീ വകുപ്പുകൾക്കു പ്രത്യേകമായ ഒരു വിശദീകരണം ഏതായാലും ആവശ്യമായി വരുന്നില്ല. എന്തുകൊണ്ടെന്നാൽ അതു സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും അലവൻസുമാണ്. ആ ഉദ്യോഗനിയമനങ്ങളെല്ലാം ഈ സഭതന്നെ കഴിഞ്ഞ പ്രാവശ്യം അംഗീകരിച്ചിട്ടുണ്ട്. അവരുടെ ശമ്പളവും അലവൻസുംകൂടി ചേർത്തു് ആറുമാസത്തേക്കുള്ള തുകകളാണ് ആ ഇനങ്ങളിൽ കാണിച്ചിരിക്കുന്നതു്. ക്ഷണപ്രശ്നമല്ലാത്തതുകകളാണ് പിന്നീടു് എ. ഡി ഇ. ഈ വകുപ്പുകളിൽ

* Vide Appendix.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. A. Abdulla.]

കൊള്ളിച്ചിരിക്കുന്നത്. എന്നാലത്, അംഗങ്ങൾക്കുള്ള ടാവലിംഗ് അലവൻസും പടിയും ആകുന്നു. കഴിഞ്ഞ പ്രാവശ്യം രണ്ടുമാസത്തെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ആ രണ്ടുമാസത്തേക്കുംകൂടി ന്യ ൦ , ൦ ൦ ൦ രൂപാ ചെലവാകുമെന്നുദ്ദേശിച്ചാണ് ബഡ്ജറ്റ് രൂപീകരിച്ചത്. എന്നാൽ പിന്നീട് കണക്കുകൾ പരിശോധിച്ചുനോക്കിയപ്പോൾ ഇപ്പോൾ ബഡ്ജറ്റിൽ കാണിച്ചപ്രകാരം ഇനിയുള്ള ആറുമാസത്തേക്ക് വ ൦ , ൦ ൦ ൦ രൂപാ മതിയാകുമെന്നു കണക്കാക്കിയിരിക്കുന്നു. കണ്ടിജൻസി, ആഫീസു ചെലവും പലവകയും എന്നീ ഇനങ്ങളിൽ കഴിഞ്ഞ രണ്ടുമാസത്തേക്കു കണക്കാക്കിയിട്ടുള്ളത് യഥാക്രമം രണ്ടായിരവും മൂവായിരവും രൂപയാണ്. ആ തുക തന്നെ വരുന്ന ആറുമാസത്തേക്കു മതിയാകുമെന്നു കണ്ടതിനാൽ അതേതുക തന്നെയാണ് ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത്. അങ്ങനെ ഈ തുകകളെല്ലാം ചേർത്ത് ൧, ൦ ൧, ൪൯൦ രൂപയുടെ ഒരു ബഡ്ജറ്റാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതു സഭ അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : മി. അബ്ദുല്ല അവതരിപ്പിച്ച ബഡ്ജറ്റിനെപ്പറ്റി വല്ലതെങ്കിലും വിമർശനം നടത്തണമെന്നുണ്ടെങ്കിൽ അപ്രകാരം ചെയ്യാം.

MR. K. M. CHANDI (*Meenachil I—General*) : സർ, ഈ കൊച്ചുകൊല്ലത്തേക്കും അതിനുശേഷമുള്ള അഞ്ചുമാസത്തേക്കുമുള്ള തുകയാണല്ലോ ഇപ്പോൾ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രതിനിധിസഭാസമ്മേളനത്തിൽവച്ച് ഭരണഘടന തയാറാക്കാൻ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ നിയമിക്കുകയും അവർ മൂന്നുമാസത്തിനകം ഭരണഘടന ഡ്രാഫ്റ്റുചെയ്തു സമർപ്പിക്കണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആ ഒരു മാസത്തിനകം അവർ സമർപ്പിക്കേണ്ടതാണ്. പിന്നീട് രണ്ടുമാസത്തിനകം ഭരണഘടനയെ സംബന്ധിച്ച ചർച്ചകൾ നടത്തി പാസ്സാക്കുവാനും വിഷമമില്ല. ആ നിലയിൽ മൂന്നുമാസത്തിൽ കൂടുതൽ കാലത്തേക്കുള്ള ഒരു ബഡ്ജറ്റിന്റെ ആവശ്യമില്ല. ഭരണഘടന ഉണ്ടാക്കുന്നതിനു മൂന്നുമാസത്തിൽ കൂടുതൽ സമയം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR K. R. ELANKATH (*Trivandrum IV—General*) : ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ അനുവദിച്ചാൽ ആ തുക മുഴുവൻ ചെലവാക്കുമെന്നതുണ്ടോ? മൂന്നുമാസത്തിനകം നമ്മുടെ ജോലി തീരുമെന്നുണ്ടെങ്കിൽ ആ കാലത്തേക്കു ആവശ്യമുള്ള തുക മാത്രമേ ചെലവു ചെയ്യുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. K. M. CHANDI : ഭരണഘടനയെ സംബന്ധിച്ചുള്ള ഉദ്യോഗനകം നീട്ടിക്കൊണ്ടുപോകാൻ ഇപ്പോഴത്തെ ബഡ്ജറ്റ് ഇടയാക്കുന്നതാണ്. കാലം നീട്ടാനുള്ള സൗകര്യം കൂടുതൽ കൊടുക്കാത്ത വിധത്തിൽ മൂന്നുമാസത്തേക്കു മാത്രമുള്ള ഒരു ബഡ്ജറ്റ് പാസ്സാക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഈ മൂന്നുമാസത്തിനകം ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഭരണഘടനയുടെ നടപടിറിപ്പോർട്ട് സമർപ്പിക്കേണ്ടതും മറ്റും വേഗത്തിൽ ഈ സഭ അതു പാസ്സാക്കി, ഈ പ്രതിനിധിസഭ പിരിച്ചുവിടേണ്ടതുമാണ്.

MR. K. RAMAKRISHNA PILLAI (*Amblapuzha I—General*) : അക്കൗണ്ടിന് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റ് എങ്ങനെ ബാധകമായിത്തീരും?

MR. K. M. CHANDI : മൂന്നുമാസത്തിനകം തീർക്കാമെന്നു ബോധ്യമുള്ള സ്ഥിതിക്ക് അതിൽ കൂടുതൽ സമയത്തേക്കുള്ള ഒരു ബഡ്ജറ്റ് അനുവദിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടു മൂന്നുമാസത്തേക്കു മാത്രമുള്ള ഒരു ബഡ്ജറ്റ് അനുവദിച്ചാൽ മതിയാകുമെന്നാണ് എന്റെ അഭിപ്രായം.

MR. ABDUL AZIZ : (*Trivandrum I—Muslim Reserved*) : ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ളി ഇൻഡ്യൻ ഭരണഘടന തയാറാക്കുന്നതിനുമുൻപ്, നമ്മുടെ ഭരണഘടനതയ്യാറാക്കാൻ കഴുമോ?

MR. K. M. CHANDI : അങ്ങനെയാണെങ്കിൽ അതുവരെ ഈ സഭ പിരിച്ചുവിടുകയാണ് വേണ്ടത്. ഇൻഡ്യൻ ഭരണഘടന പൂർത്തിയാക്കിയശേഷം വീണ്ടും ഈ സഭ വിളിച്ചുകൂട്ടുവാൻ ഏർപ്പാടു ചെയ്യണം.

MR. R. SANKAR (*Quilon IV—General*) : മെംബർ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണോ, പ്രതികൂലിക്കുകയാണോ?

MR. K. M CHANDI : എനിക്കു പറയാനുള്ളതു ഞാൻ പറഞ്ഞു. അനുകൂലിക്കുകയാണോ, പ്രതികൂലിക്കുകയാണോ എന്നുള്ളതു മെംബർ തന്നെ തീർച്ചപ്പെടുത്തിയാൽ മതിയാകുന്നതാണ്.

MR. ABDUL AZIZ: ഇതു സംബന്ധിച്ച ഒരു കാര്യം എനിക്കും പറയേണ്ടതായുണ്ട്. ഞാൻ ബഡ്ജറ്റിനെ എതിർക്കുകയില്ല. രണ്ടു മാസത്തേക്കുള്ള ബഡ്ജറ്റു കഴിഞ്ഞതവണ ഈ സഭ പാസ്സാക്കുകയുണ്ടായി. ഇനിയും കുറെമാസത്തേക്കുള്ള ബഡ്ജറ്റു പാസ്സാക്കാൻ പോകുകയാണ്. ഈ ഘട്ടത്തിൽ കഴിഞ്ഞ ബഡ്ജറ്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് എപ്രകാരമായിരുന്നു, അതനുസരിച്ചാണോ പുതിയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Aziz]

ബഡ്ജറ്റ് നിശ്ചയിച്ചിരിക്കുന്നതു് എന്നൊക്കെ അറിയേണ്ടതു് ആവശ്യമാണു്. ഇതിനെപ്പറ്റി ഒരു വിശദീകരണംകൂടി ഈ ബഡ്ജറ്റ് അവതരിപ്പിച്ച മെംബർ ചെയ്യേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഈ ബഡ്ജറ്റിനു് ആധാരമായിരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൂടി താരതമ്യപ്പെടുത്തി ഈ ബഡ്ജറ്റ് എത്രത്തോളം ബുദ്ധിപൂർവം തയാറാക്കിയിട്ടുണ്ടെന്നു് ഈ സഭയിലെ മെംബറന്മാർക്കു മനസ്സിലാക്കാനുള്ള ഒരവസരം കൂടിയായിരിക്കും അതു്.

MR. PRESIDENT: കഴിഞ്ഞ ബഡ്ജറ്റിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റുസംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശമുണ്ടു്. മി. അബ്ദുല്ലയുടെ പക്കൽ അതില്ലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മെംബറന്മാരുടെ അറിവിനായി ചില വിവരങ്ങൾ ഞാൻ പറയാം.

എ. മെംബറന്മാരുടെ അലവൻസ്:

൫൩,൩൦൦ രൂപാ വച്ചു് ചെയ്തു കാണുന്നു.

൩൩൬ ബില്ലുകൾ പ്രകാരമാണു് ഇത്രയും തുക ചെലവായിരിക്കുന്നതു്. ഈ തുക പ്രതിനിധിസഭാസംബന്ധിച്ചുള്ള ചെലവുമാത്രമല്ല. പ്രതിനിധിസഭയുടെയും, നിയമസഭയുടെയും യോഗങ്ങൾക്കായി ഹാജരായിട്ടുള്ള മെംബറന്മാരുടെ സഞ്ചാരപ്പടിയും, ദിനപ്പടിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇതിലേക്കു പ്രത്യേകം പ്രത്യേകം തുകകൾ അലോട്ടു ചെയ്തിട്ടുണ്ടു്. പക്ഷേ പ്രയോഗത്തിൽ വരുത്തുവാൻ അതിനു പല പ്രതിബന്ധങ്ങളുമുണ്ടു്. പ്രതിനിധിസഭയ്ക്കു വരുന്ന ആളുകൾ ഒരു ദിവസം കഴിയുമ്പോൾ നിയമസഭയ്ക്കു ഹാജരാകേണ്ടതായിവരും. അപ്പോൾ പ്രതിനിധിസഭയുടെ സഞ്ചാരപ്പടിയും ദിനപ്പടിയും എത്ര, നിയമസഭയുടെ എത്ര, എന്നു വേർതിരിച്ചു കണക്കുകൂട്ടുവാൻ പ്രയാസമുണ്ടു്. അതിനാൽ പ്രതിനിധിസഭയും, നിയമസഭയും സംബന്ധിച്ചുള്ള സഞ്ചാരപ്പടിയും ദിനപ്പടിയും തമ്മിച്ചു ചേർത്താണു ൫൩,൩൦൦ രൂപാ വച്ചു ചെലവു വന്നിരിക്കുന്നതു്.

ബ. ആഫീസറന്മാരുടെ ശമ്പളവും, അലവൻസും:

൧,൨൯൯ രൂപാ വച്ചു കാണുന്നു. ഈ തുക ഇപ്പോഴത്തെ ബഡ്ജറ്റിൽ ബി (൧); (൨) ഈ ഇനങ്ങൾക്കുവേണ്ടി ചെലവായ തുകയാണു്.

സ. ശമ്പളച്ചെലവു: ൧,൩൩൭ രൂ. ൧ ച. ൭ കാണുന്നു.

൪. കണ്ടിജൻസി: ൪൩൬ രൂ ൧ ച. ൪ കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആകെ സ്ഥലം, ഫ്രണ്ട് ഗ്രൗണ്ട് ചുറ്റും മതിൽ കെട്ടുവാൻ വേണ്ടിവരുന്ന ചെലവും ഉൾപ്പെടുത്തിയിട്ടുണ്ടോ?

MR. K. RAMACHANDRAN (*Pathanamthitta I—Kammala Reserved*): ഈ തുകയിൽ നിയമസഭാ സംബന്ധിച്ചുള്ള ചെലവും ഉൾപ്പെട്ടിട്ടുണ്ടോ?

MR. PRESIDENT: അതു ഞാൻ പറഞ്ഞുകഴിഞ്ഞു. രണ്ടു സഭയുടെയും ചെലവ് ഇതിലുണ്ട്. വളരെ നിഷ്കർഷയായി നോക്കിയാൽ നിയമസഭയുടെ ചെലവ് ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ പാടില്ല. ഇപ്പോൾ മെമ്പർമാർ പ്രതിനിധിസഭയ്ക്കു വന്നിരിക്കുകയാണ്. എന്നാൽ തിങ്കളാഴ്ചമുതൽ നിയമസഭ തുടങ്ങുന്നു. രണ്ടിനും കൂടി ഒരുമിച്ച് ടി. എ. വാങ്ങിക്കാൻ പാടില്ലാ എന്നാണു കിട്ടും. അതിനാൽ രണ്ടും രണ്ടായി കണക്കാക്കി ചെലവു ചെയ്യുവാൻ പ്രായോഗികമായ വൈഷമ്യങ്ങൾ ഉണ്ട്. അതുകൊണ്ടു സഭാപ്പടിയേയും, ദിനപ്പടിയേയും സംബന്ധിച്ചിടത്തോളം പ്രതിനിധിസഭയുടെയും, നിയമസഭയുടെയും കൂടി ഒന്നായി ഗണിച്ചിരിക്കുന്നു. രണ്ടായിത്തന്നെ ഗണിക്കണമെന്നു സഭ തീരുമാനിക്കുന്നപക്ഷം അപ്രകാരം ചെയ്യാവുന്നതാണ്.

MR. K. S. JOSEPH (*Thiruvella VI—General*): ബഡ്ജറ്റു സ്പീകരിക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. PRESIDENT: ഈ ബഡ്ജറ്റ് പ്രൊപ്പോസൽ അതേപടി തന്നെ സ്പീകരിക്കുന്നതു സഭയുടെ സമ്മതമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബഡ്ജറ്റ് പാസ്സാക്കിയിരിക്കുന്നു.

ഇന്നത്തെ അജൻഡായിൽ ബഡ്ജറ്റു മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വേറെ ഒരു വിഷയവുമില്ല.

ACCOMMODATION OF MEMBERS.

MR. R. V. THOMAS (*Meenachil II—General*): സർ, എനിക്ക് ഒരു കാര്യം ഇവിടെ പ്രസ്താവിക്കാനുണ്ട്. കോപ്രസെന്റേറ്റീവ് ബാഡിയിലേയും അസംബ്ലിയിലേയും മെമ്പറന്മാർക്ക് താമസസൌകര്യം ഉണ്ടാക്കാം എന്ന് പ്രസിഡൻറവർകൾ ഇതിനു മുൻപു പറയുകയുണ്ടായി. അതിലേക്ക് സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അതു കഴിഞ്ഞിട്ടു മാസങ്ങൾ പലതായി. അതിനെപ്പറ്റി എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX

19. General Administration.

(Provisional)

THE TRAVANCORE REPRESENTATIVE BODY.

Budget for 1124 M. E.

Rs. 1,03,492.

LIBRARY ARCHIVES Kerala Legislative Assembly

		Provision for Karkatakam 1123 and for 5 months of 1124 M. E.	
		Rs.	Rs.
A.	Allowances to Members.		
	Travelling allowance, D. A. etc. ...	...	80,000
B.	Salaries and allowances to Officers:		
	1. Constitutional Adviser— Allowance Rs. 250 p. m. 2. Secretary—pay Rs. 325 p. m.	3,450	...
	Dearness allowance ...	294	...
	Total ...	...	3,744
C.	Pay and allowances of the Establishment :—		
	I. Office :—		
	Chief clerk Rs. 165 (125-165)		
	Accountant Rs. 125 (100-125)		
	Clerks 3—1 (100) 2 (70)		
	Clerks 2 (45-75)		
	Typists (English 2—1 (115) 100-125, 1 (50) 45-75		
	Typist (Tamil) 1 (45) 45-75		
	Typist (Malayalam) do.		
	Daffadar 1 (20)		
	Mochi 1 (18) plus allowance Rs. 4		
	Peons 8 (15) plus allowance Rs. 3 ...	6,486	...
	Dearness allowance ...	2,766	...
	Total ...	...	9,252

	Provision for Karkatakam 1123 and for 5 months of 1124 M. E.	
	Rs.	Rs.
II. Staff of the Constitutional Adviser :		
Clerk 1 (80) 80-100		
Clerk 1 (55) 45-75		
Stenographer 1 (100) 45-100		
Typist (English) 1 (45) 45-75 ...	1,680	...
Dearness allowance ...	684	...
Total ...	...	2,364
III. Personal staff of the President :		
Clerk 1 (150) 125-165		
Stenographer 1 (115) 75-175		
Daffadar 1 (20)		
Peons 5 (14-17), 4 (15 plus 3) ...	2,226	...
Dearness allowance ...	906	...
Total ...	...	3,132
D. Contingencies :		
Pay of contingent peons—pay of menials, cycle allowance to peons, electric current, etc. ...	...	2,000
E. Office expenses and Miscellaneous :		
Overtime allowance to staff, telephone and telegraph charges, etc. ...	...	3,000
A ...	80,000	
B ...	3,744	
C I ...	9,252	
II ...	2,364	
III ...	3,132	
D ...	2,000	
E ...	3,000	
Grand Total ...	1,03,492	

LIBRARY ARCHIVES Kerala Legislative Assembly